ഭരണഭാഷ മാതൃഭാഷ

നം.എ(5)/96000/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 31.7.....2018.

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

വിഷയം:- പൊതു സ്ഥലംമാറ്റം - 2018-19-രണ്ടാം ഘട്ടം - താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നത് - സ്പഷ്ടീകരണം - സംബന്ധിച്ച്.

സൂചന:- 24.07.2018-ലെ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കത്ത് നമ്പർ എ1/2958/18.

............

സൂചനപ്രകാരം ലഭ്യമായ കത്തിന്റെ അടിസ്ഥാനത്തിൽ 2018-19-ലെ ജില്ലയ്ക്കകത്തുള്ള പൊതു സ്ഥലംമാറ്റത്തിലെ രണ്ടാം ഘട്ട താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്ന അവസരത്തിൽ ഇനി മുതൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഒരിക്കൽ ഓൺലൈൻ സ്ഥലംമാറ്റം (അതേ വർഷത്തിൽ) അനുവദിച്ചവർക്കും അവരുടെ ഹയർ ഓപ്ഷൻ വേണ്ട എന്ന് എഴുതി നൽകിയവർക്കും നിർബന്ധിച്ച് പുതിയ സ്ഥലത്ത് സ്ഥലംമാറ്റം നൽകേണ്ടതില്ല. ഈ വർഷം ഓൺലൈൻ സ്ഥലംമാറ്റം 5,6 ഓപ്ഷൻ അനുസരിച്ച് അനുവദിച്ച് നൽകിയിട്ടുള്ള അധ്യാപകർ സ്വന്തം കുട്ടികളുടെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ഉൾപ്പെടെ വാങ്ങി പുതിയ സ്ഥലത്ത് വാടക വീടുകളെടുത്ത് താമസമാക്കുകയും ചെയ്തതായി ഈ ഓഫീസിൽ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ അടിക്കടിയുള്ള സ്ഥലംമാറ്റം ടി അധ്യാപകരിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതി ലഭിച്ചിരിക്കുന്നു. ആയതിനാൽ അവരുടെ ഹയർ ഓപ്ഷൻ റദ്ദ് ചെയ്ത് നൽകാൻ രേഖാമൂലം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവരുടെ ഹയർ ഓപ്ഷൻ റദ്ദ് ചെയ്ത് നൽകാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരോടും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

എസ്.ഇ/3/8